പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5954 28.03.2018 -ൽ മറുപടിക്ക്.

## അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾ

| ചോദ്യം<br>**ശ്രീ.അടൂർ പ്രകാശ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; ഗ്രാമസഭകൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും അധികാരമുണ്ടോ ; | (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് തരുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന് ഒരു മാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ എത്ര ശതമാനം തുകയാണ് കേന്ദ്രം നൽകുന്നത്; അറിയിക്കാമോ ; | (ബി) ഉണ്ട്. പദ്ധതി ചെലവിന്റെ 80 % കേന്ദ്രവും 20% സംസ്ഥാനവും വഹിക്കും. |
| (സി) പ്രസ്തുത പദ്ധതിയിലൂടെ മുതിർന്ന പൗരന്മാരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ട്; അറിയിക്കാമോ? | (സി) ഉണ്ട്. നിലവിൽ സംസ്ഥാനത്ത് 5726 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**